പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2011-2014)

ഒന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ 2-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതി (2011-2014)

ഒന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ 2-ാം തീയതി സമർപ്പിച്ചത്)

503/2013.

# ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 2 |
| അനുബന്ധം II | .. | 3 |

# പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതി (2011-2014)

## സമിതിയുടെ ഘടന

ചെയർമാൻ :

ശ്രീ. കെ. മുരളീധരൻ

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സി. മമ്മൂട്ടി
,, മാത്യു റ്റി. തോമസ്
,, മോൻസ് ജോസഫ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സാജു പോൾ
,, ജി. സുധാകരൻ
,, തോമസ് ഉണ്ണിയാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
,, വിൽസൻ വി. ജോൺ, അഡീഷണൽ സെക്രട്ടറി
,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ഗതാഗതവകുപ്പ് മന്ത്രിയായിരുന്നപ്പോൾ ആനിക്കൽ റബ്ബേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന തുക അനുവദിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് സഭയിൽ നടത്തിയ പ്രസംഗത്തിന്റെ സർട്ടിഫൈഡ് കോപ്പി നൽകിയത് സംബന്ധിച്ച് സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു. ശ്രീ. എൻ. ശക്തൻ സഭയിൽ നടത്തിയ പ്രസംഗത്തിന്റെ പകർപ്പ് ഹൈക്കോടതി മുൻപാകെ നൽകുന്നതിനായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രശ്നത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള പ്രസംഗത്തിന്റെ സർട്ടിഫൈഡ് കോപ്പി 19-6-2012-ന് ബഹു. സ്പീക്കർ അനുവദിക്കുകയും അതോടൊപ്പം തന്നെ ഇത് സംബന്ധിച്ച് റിപ്പോർട്ടിനായി പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുകയും ചെയ്തു.

2011-14-ലെ സമിതി 2012 ഡിസംബർ 5-ാം തീയതി ചേർന്ന യോഗത്തിൽ ഈ വിഷയം പരിശോധിച്ചു.

2013 മാർച്ച് 25-ാം തീയതി ചേർന്ന സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. മുരളീധരൻ,

*ചെയർമാൻ,*
*പ്രിവിലേജസ്, എത്തിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
2013 ഏപ്രിൽ 2.

# റിപ്പോർട്ട്

ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ഗതാഗത വകുപ്പുമന്ത്രിയായിരുന്നപ്പോൾ ആനിക്കൽ റബ്ബേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകാനുണ്ടായിരുന്ന തുക അനുവദിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് അദ്ദേഹം സഭയിൽ നടത്തിയ പ്രസംഗത്തിന്റെ സർട്ടിഫൈഡ് കോപ്പി ഹൈക്കോടതി മുൻപാകെ സമർപ്പിക്കുന്നതിനായി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ബഹു. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി 2012 ജൂൺ 14-ാം തീയതി നൽകുകയുണ്ടായി (അനുബന്ധം I). പ്രശ്നത്തിന്റെ അടിയന്തര സ്വഭാവം പരിഗണിച്ച് കത്തിൽ ആവശ്യപ്പെട്ട പ്രകാരമുള്ള പ്രസംഗത്തിന്റെ സർട്ടിഫൈഡ് കോപ്പി 19-6-2012-ന് ബഹു. സ്പീക്കർ അനുവദിക്കുകയും അതോടൊപ്പം തന്നെ റിപ്പോർട്ടിനായി ഈ വിഷയം പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിക്ക് റഫർ ചെയ്യുകയും ചെയ്തു.

5-12-2012-ൽ ചേർന്ന സമിതി യോഗം ഈ വിഷയം പരിശോധിക്കുകയും നിയമസഭാ നടപടിയുടെ സർട്ടിഫൈഡ് കോപ്പി നൽകിയ നടപടി അംഗീകരിക്കുകയും ചെയ്തു (അനുബന്ധം II).

## സമിതിയുടെ നിഗമനം

നിയമസഭാ നടപടിയുമായി ബന്ധപ്പെട്ട രേഖകൾ സഭയുടെ അനുമതി കൂടാതെ കോടതിയിലും മറ്റും തെളിവായി ഹാജരാക്കുവാൻ പാടില്ല എന്നതാണ് കീഴ്വഴക്കം. എന്നാൽ നീതിനിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന്, അത്യാവശ്യമായ സാഹചര്യങ്ങളിൽ ആവശ്യമായ രേഖകൾ കോടതിക്ക് നൽകുന്നതിന് സ്പീക്കർക്ക് അധികാരമുണ്ട്. ഇവിടെ ഹൈക്കോടതി മുൻപാകെ സമർപ്പിക്കുന്നതിനായി 8-2-2006-ലെ നിയമസഭാ നടപടിയുടെ സർട്ടിഫൈഡ് കോപ്പി നൽകിയ നടപടി അംഗീകരിക്കാവുന്നതാണെന്ന് സമിതി കരുതുന്നു. എന്നിരുന്നാലും കോടതി ആവശ്യപ്രകാരം സഭാരേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച് പാർലമെന്റിൽ ഉള്ളതുപോലെ വ്യക്തമായ നടപടിക്രമം ഉണ്ടായിരിക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

## സമിതിയുടെ ശുപാർശ

ഹൈക്കോടതി മുമ്പാകെ ഹാജരാക്കുന്നതിന് നിയമസഭാ പ്രസംഗത്തിന്റെ സർട്ടിഫൈഡ് കോപ്പി ബഹു. ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന് നൽകിയ ബഹു. സ്പീക്കറുടെ നടപടി അംഗീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

കെ. മുരളീധരൻ,

*ചെയർമാൻ,*
*പ്രിവിലേജസ്, എഥിക്സ് എന്നിവ*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
2013 മാർച്ച് 25.

503/2013.

അനുബന്ധം I

No. 634/2012/DS/PS *Dated 14th June 2012:*

## NOTE

Shri N. Sakthan, the Hon. Deputy Speaker while holding the post of Minister for Transport in 2005 has delivered a speech in the Assembly on the grounds on which payment of amount due to M/s Anickal Rubbers was made. The exact date is not known.

The Hon. Deputy Speaker has to produce the copy of the above mentioned speech in the Hon. High Court of Kerala as an authentic document. Therefore he has directed me to request you to give a copy of the speech duly authenticated.

(Sd.)

N. ARAVINDAKSHAN.

Shri P. K. Muraleedharan,
Secretary-in-charge,
Kerala Legislature Secretariat.

## അനുബന്ധം II

# പതിമൂന്നാം കേരള നിയമസഭ

## പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ 2012 ഡിസംബർ 5-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

പ്രിവിലേജസ്, എത്തിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ യോഗം 2012 ഡിസംബർ മാസം 5-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ കോംപ്ലക്സിലെ IV 'എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ശ്രീ. കെ. മുരളീധരൻ, എം. എൽ. എ.യുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു:

1. ശ്രീമതി പി. അയിഷാ പോറ്റി, എം. എൽ. എ.
2. ശ്രീ. സി. മമ്മൂട്ടി, എം. എൽ. എ.
3. ശ്രീ. മാത്യു റ്റി. തോമസ്, എം. എൽ. എ.
4. ശ്രീ. മോൻസ് ജോസഫ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയുണ്ടായി:

(1) ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തൻ ആവശ്യപ്പെട്ട പ്രകാരം 8-2-2006-ൽ അദ്ദേഹം നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കോടതിയിൽ സമർപ്പിക്കുന്നതിനായി നൽകിയ വിഷയം.

പ്രസ്തുത വിഷയത്തിൽ കീഴ്‌വഴക്കം അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ നടപടി അംഗീകരിക്കുവാൻ സമിതി തീരുമാനിച്ചു.

(2) ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാറിനെതിരെ നൽകിയ അവകാശലംഘന നോട്ടീസ്.

പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ വ്യക്തതയ്ക്കുവേണ്ടി ഒരിക്കൽകൂടി ശ്രീ. സുരേഷ്കുമാറിനോട് സമിതി മുൻപാകെ ഹാജരാകുവാൻ ആവശ്യപ്പെടാമെന്നും അദ്ദേഹത്തിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിനുശേഷം പ്രസ്തുത വിഷയത്തിൻമേൽ തീരുമാനമെടുക്കാമെന്നും സമിതി തീരുമാനിച്ചു.

(3) ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ., നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ നൽകിയ മറുപടി.

ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. നൽകിയ അവകാശലംഘന നോട്ടീസിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് സെക്രട്ടറി ശ്രീ. കെ. സുരേഷ്കുമാർ സമിതിക്ക് നൽകിയ വിശദീകരണത്തിൽ അവകാശലംഘനം അടങ്ങിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ശ്രീ. കെ. സുരേഷ്കുമാറിനോട് സമിതി ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ശ്രീ. കെ. സുരേഷ്കുമാർ നൽകിയ കത്ത് സമിതി പരിശോധിച്ചു. പ്രസ്തുത കത്തിൽ നിയമസഭാ സമിതിയുടെ പ്രവർത്തനത്തേയോ, റിപ്പോർട്ടിനെയോ വിമർശിക്കുകയെന്ന ഉദ്ദേശത്തോടെയായിരുന്നില്ല തന്റെ വിശദീകരണമെന്നും, അത്തരമൊരു തോന്നൽ സമിതിക്ക് ഉണ്ടായതിൽ നിർവ്യാജം ഖേദിക്കുന്നു എന്നും ശ്രീ. കെ. സുരേഷ്കുമാർ അറിയിച്ചിരിക്കുന്നത് സമിതി പരിഗണിച്ചു. മേൽ സാഹചര്യത്തിൽ ശ്രീ. കെ. സുരേഷ് കുമാറിൽ നിന്നും തെളിവെടുപ്പ് നടത്തിയശേഷം ഈ വിഷയത്തിൻമേൽ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 2013 ജനുവരി മാസം 3-ാം തീയതി തിരുവനന്തപുരത്ത് വച്ച് കൂടുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് പിരിഞ്ഞു.